# കേരള കാർഷിക സർവ്വകലാശാല
## അഗ്രോണമിക് റിസർച്ച് സ്റ്റേഷൻ, ചാലക്കുടി

ഫോൺ നം : 0480 – 2702116, Email.arschalakudy@kau.in

നം.എ.ആർ.എസ്/ബി/439/13

ചാലക്കുടി. 23.12.2025

### ക്വട്ടേഷൻ നോട്ടീസ്

ചാലക്കുടി അഗ്രോണമിക് റിസർച്ച് സ്റ്റേഷൻറെ കീഴിലുള്ള വെള്ളാനിക്കര വാട്ടർ മാനേജ്മെൻറ് റിസർച്ച് യൂണിറ്റിലേക്ക് കൃഷിയ്ക്ക് ആവശ്യമായ ഗുണമേന്മയുള്ള ഉണങ്ങിയ ചാണകം വാഹനത്തിൽ ടി യൂണിറ്റിൻറെ അധീനതയിലുള്ള കൃഷിസ്ഥലത്ത് എത്തിച്ച് മൊത്തമായി ഇറക്കിതരുന്നതിനും ടി യൂണിറ്റിൻറെ പരിധിയിലുള്ള തെങ്ങിൻതോപ്പിൽ നിശ്ചിത അളവായ '40' (നാൽപത്) കിലോഗ്രാം ചാണകം വീതം ഓരോ തെങ്ങിൻറെ കടയ്ക്കലും ഇറക്കിതരുന്ന വിധത്തിലും വെവ്വേറെ ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

താൽപ്പര്യമുള്ളവർ സീലു ചെയ്ത ക്വട്ടേഷനുകൾ താഴെ പറയുന്ന വിലാസത്തിൽ 2026 ജനുവരി 06-ാം തിയ്യതി 12.00 PM മണിക്ക് മുൻപായി നൽകേണ്ടതാണ്. അന്നേദിവസം 12.15-PM ന് ഹാജരുള്ളവരുടെ സമക്ഷത്തിൽ ക്വട്ടേഷൻ പരിശോധന പൂർത്തിയാക്കി കുറഞ്ഞ തുകയ്ക്കുള്ള ക്വട്ടേഷൻ സ്വീകരിക്കപ്പെടുന്നതും, ടി ക്വട്ടേഷൻ സമർപ്പിച്ച വ്യക്തി ടി ഓഫീസിലെ ഉദ്യോഗസ്ഥരുടെ നിർദ്ദേശപ്രകാരം താമസമില്ലാതെയും, വീഴ്ച വരുത്താതെയും, ഗുണമേന്മയുള്ള ചാണകം എത്തിച്ചുതരേണ്ടതും ഓഫീസ് നടപടിക്രമം പൂർത്തിയാക്കുന്ന മുറയ്ക്ക് പണം രസീതി പ്രകാരം നൽകുന്നതുമാണ്.

### ലേല നിബന്ധനകൾ

1. ചാണകം ഗുണനിലവാരമുള്ളതും മറ്റു മാലിന്യങ്ങൾ ഇല്ലാത്തതും ആയിരിക്കണം. ഗുണമേന്മ തൃപ്തികരമല്ലെങ്കിൽ ക്വട്ടേഷൻ റദ്ദ് ചെയ്യുന്നതിനും EMD തുക കണ്ട് കെട്ടുന്നതിനും സ്ഥാപനമേധാവിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
2. ക്വട്ടേഷനുകൾ പ്രൊഫസർ ആൻറ് ഹെഡ്, എ.ആർ.എസ്, ചാലക്കുടി എന്ന വിലാസപ്പെടുത്തിയ കവറിൽ നിശ്ചിത സമയത്തിന് മുൻപായി ഓഫീസിൽ ലഭിച്ചിരിക്കണം കവറിനു പുറത്ത് ചാണകം നൽകുന്നതിനുള്ള ക്വട്ടേഷൻ എന്ന് എഴുതിയിരിക്കണം.
3. ഓരോ ലോഡ് ചാണകം നൽകുമ്പോഴും ആ ലോഡിന്റെ തൂക്കം രേഖപ്പെടുത്തിയ വെയിങ് ബ്രിഡ്ജ് ബിൽ, തുക നൽകേണ്ടതിനാവശ്യമായ ഇൻവോയ്സും ഒപ്പിട്ട് നൽകേണ്ടതാണ്.
4. ചാണകം കൊണ്ടുവരുന്ന വണ്ടിയുടെ കാലി വെയ്റ്റ് എടുത്ത് ഓഫീസിൽ നൽകേണ്ടതാണ്.
5. പ്രവർത്തി ദിവസങ്ങളിലും, പ്രവർത്തി സമയങ്ങളിലും, ഫാം ഉദ്യോഗസ്ഥരുടെ നിർദേശമനുസരിച്ച് മാത്രമെ ചാണകം എത്തിച്ച് നൽകുവാൻ പാടുള്ളു.
6. ക്വട്ടേഷനിൽ പങ്കെടുക്കുന്ന വ്യക്തികൾ 1000 രുപ EMD ആയി നൽകേണ്ടതാണ്. ഈ ക്വട്ടേഷന്റെ കാലാവധി 2026 ഡിസംബർ 31-ാം തീയതിവരെ ആയിരിക്കും.
7. യാതൊരു കാരണവും കൂടാതെ തന്നെ ക്വട്ടേഷൻ ക്യാൻസൽ ചെയ്യുന്നതിനുള്ള അധികാരം സ്റ്റേഷൻ മേധാവിയിൽ നിക്ഷിപ്തമായിരിക്കും.
8. എല്ലാ സർക്കാർ ക്വട്ടേഷനുകൾക്കുമുള്ള എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.
9. ഇൻകം ടാക്സ് ആക്ട് 194 (c) പ്രകാരം, സാമ്പത്തിക വർഷം 1 ലക്ഷം രൂപയുടെ മുകളിലുള്ള വൌച്ചർ തുക വരുന്ന പക്ഷം 1% ആദായ നികുതി, മൊത്തം തുകയ്ക്ക് കണക്കാക്കി സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്ത് ആദായനികുതി വകുപ്പിലേക്ക് അടക്കുന്നതാണ്. പാൻകാർഡിന്റെ പകർപ്പും സമർപ്പിക്കേണ്ടതാണ്.

KERALA AGRICULTURAL UNIVERSITY
CHALAKUDY 680 307

പ്രൊഫസർ & ഹെഡിനുവേണ്ടി
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

കോപ്പികൾ : നോട്ടീസ് ബോർഡ് WMRU, എസ്റ്റേറ്റ്ഓഫീസ്
കാർഷിക കോളേജ് . വെള്ളാനിക്കര,കെ.എ.യു.മെയിൻ കാമ്പസ്